**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** | **08-10-2024 - ൽ മറുപടിയ്ക്ക്**

**റിട്ടയേർഡ് ഹെൽത്ത് സൂപ്പർവൈസർ ജാനകിയമ്മയുടെ സർവീസ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 1975 ൽ പി.എസ്.സി. മുഖേന ആരോഗ്യ വകുപ്പിൽ നിയമിതയായ റിട്ടയേർഡ് ഹെൽത്ത് സൂപ്പർവൈസർ ജാനകിയമ്മ, ഗോപിനിലയം, പെരുവ, കോട്ടയത്തിന്റെ 1975 മുതൽ 77 വരെയുള്ള കാലഘട്ടത്തിലെ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ട്രഷറി വകുപ്പിൽ നിന്നും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.എം.ഐ.ജാനകിയുടെ ശമ്പളം ബന്ധപ്പെട്ട DDO-മുഖേനയാണ് മാറി നൽകിയിരുന്നത് എന്നതിനാൽ ഈ വിവരങ്ങൾ ട്രഷറി വകുപ്പിൽ ലഭ്യമല്ല . |
| (ബി) | 1975 മുതൽ 77 വരെ സർവീസ് കാലമായി പരിഗണിച്ച് ശമ്പളവും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്മേൽ ട്രഷറി വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1755/2019 നമ്പർ കേസിൽ ട്രഷറി വകുപ്പ് കക്ഷിയല്ല. ആയതിനാൽ ട്രഷറി വകുപ്പിന് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കടുത്തുരുത്തി സബ് ട്രഷറിയിൽ നിന്നും PTSB അക്കൗണ്ട് മുഖേന സർവ്വീസ് പെൻഷൻ കൈപ്പറ്റുന്ന ശ്രീമതി.എം.ഐ.ജാനകി -യ്ക്ക് പതിനൊന്നാം പെൻഷൻ പരിഷ്കരണമനുസരിച്ചുള്ള പുതുക്കിയ പെൻഷൻ തുകയും 07/2019 മുതൽ 3/2021 വരെയുള്ള കുടിശ്ശികയുടെ രണ്ടു ഗഡുക്കളും (23,620/- രൂപ) 1/11/2022 -നും മുൻകാല പെൻഷൻ പരിഷ്കരണ കുടിശ്ശിക തുകയായ 1,99,669/- രൂപ 4/10/2024 -നും വരവ് വച്ച് നൽകിയിട്ടുണ്ട്. |
| (സി) | സർവ്വീസ് ആനുകൂല്യം നൽകുന്നതിന് ട്രഷറി വകുപ്പിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇവരുടെ പരാതിയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇതു സംബന്ധിച്ച് ഇവർ നൽകിയിരിക്കുന്ന പരാതിയുടെ ഫയൽ നമ്പർ വ്യക്തമാക്കാമോ? | (സി) | ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.എം.ഐ.ജാനകിയുടെ സർവ്വീസ്ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന ബില്ലുകൾ തയ്യാറാക്കി DDO ഏത് ട്രഷറിയിലാണ് സമർപ്പിച്ചിരുന്നത് എന്ന വിവരം ലഭ്യമല്ല. പെൻഷൻ കുടിശ്ശിക ആവശ്യപ്പെട്ട് ടിയാരി കടുത്തുരുത്തി സബ്ട്രഷറിയിൽ 20/12/2022 -ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാരിയുടെ അപേക്ഷ പരിശോധിച്ച് അർഹമായ കുടിശ്ശിക നൽകിയിട്ടുണ്ട്. എം.ഐ.ജാനകിയുടെ സർവ്വീസ് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പരാതികളൊന്നും ട്രഷറിയിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ